**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 39** **09-08-2023 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കരുവന്നൂർ സഹകരണ ബാങ്കിലെ തട്ടിപ്പിൽ ബാങ്കിന് ഉണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചിരുന്നോ; | (എ) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 112 ന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ നിയമം വകുപ്പ് 68 (1) പ്രകാരം അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്, കേരള സഹകരണ നിയമം വകുപ്പ് 68 (2) പ്രകാരം സർച്ചാർജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.സർച്ചാർജ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ,ബാങ്കിന് ഉണ്ടായ നഷ്ടം റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വരികയാണ്. |
| (ബി) | റവന്യൂ റിക്കവറി വഴി ഈടാക്കേണ്ട തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സർച്ചാർജ് ഉത്തരവ് പ്രകാരം 25 പേരിൽ നിന്നായി 125,83,86,411/- (125.83കോടി) ഈടാക്കേണ്ടതുണ്ട്. 2 പേർ മരണപ്പെട്ടതിനാൽ അവരുടെ അവകാശികളെ കക്ഷി ചേർക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.ഒരാളിൽ നിന്നും 4,449/- രൂപ ഈടാക്കിയിട്ടുണ്ട്.മറ്റുള്ള 22 പേരിൽ നിന്ന് ബാക്കി തുക റവന്യൂ റിക്കവറിയായി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | റവന്യൂ റിക്കവറി റിപ്പോർട്ടുകൾ കൃത്യസമയത്ത് സമർപ്പിക്കുന്നതിൽ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിന് വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | സഹകരണ നിയമം വകുപ്പ് 68 (2) സർച്ചാർജ് ഉത്തരവ് പ്രകാരം ബാധ്യതപ്പെട്ടവർക്ക് തുക അടയ്ക്കുന്നതിന് ഒരു മാസത്തെ സമയം അനുവദിച്ചിരുന്നു. റവന്യൂ റിക്കവറി റിപ്പോർട്ടുകൾ കൃത്യസമയത്ത് സമർപ്പിച്ചിട്ടുണ്ടോയെന്ന വിഷയം പരിശോധിക്കാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകുന്നതാണ്. |
| (ഡി) | റവന്യൂ റിക്കവറി നടപടികളുടെ നിലവിലെ സ്ഥിതി | (ഡി) | സഹകരണ നിയമം വകുപ്പ് 68 (2) ഉത്തരവിൽ |

| | | | |
|---|---|---|---|
| | വിശദമാക്കുമോ? | | നഷ്ട്ടോത്തരവാദിത്തം ചുമത്തപ്പെട്ട 25 പേരിൽ 19 പേർ ടി സർച്ചാർജ് ഉത്തവിനെതിരായി അപ്പീൽ സമർപ്പിച്ചിരുന്നു.സർചാർജ് ഉത്തരവിലെ 25 പേരിൽ 20 പേർ ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയും സർക്കാറിൽ സമർപ്പിച്ചിട്ടുള്ള അപ്പീൽ പെറ്റീഷനിൽ തീർപ്പ് കൽപ്പിക്കുന്നത് വരെ മേൽ നടപടികൾ തടഞ്ഞിട്ടുള്ള ഉത്തരവ് സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്.അപ്പീൽ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് കോടതിയുടെ സ്റ്റേ നീക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. നഷ്ട്ടോത്തരവാദിത്തം ചുമത്തപ്പെട്ട ശ്രീ.ഭരതൻ.ടി.ആർ, ശ്രീമതി.സുമതി ഗോപാലകൃഷ്ണൻ എന്നിവർ മരണപ്പട്ടതിനാൽ ടിയാളുകളുടെ അവകാശികളെ കക്ഷി ചേർത്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. നഷ്ട്ടോത്തരവാദിത്തം ചുമത്തപ്പെട്ട വ്യക്തികളിൽ ശ്രീ.മോഹനൻ.കെ.എം-ൽ നിന്നും **4449/-** രൂപ ഈടാക്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ